മുഖ്യമന്ത്രി (ശ്രീ.കെ.കരുണാകരൻ):

(എ) ഇതു സംബന്ധിച്ച് ചർച്ചചെയ്യണമെന്ന് സഹകരണ ബാങ്ക് പ്രസിഡൻറ് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) പുതുതായി മെഡിക്കൽ കോളേജുകൾ തുടങ്ങുന്നതിന് കേന്ദ്ര ഗവൺമെൻറും ഇൻഡ്യൻ മെഡിക്കൽ കൗൺസിലും ഇപ്പോൾ അനുവാദം നൽകുന്നില്ല.

പബ്ലിക് ഹെൽത്ത് സർവ്വീസിലെ അസിസ്റ്റൻറ് സർജൻമാർ

*22 [25] ശ്രീ. കാനം രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പബ്ലിക് ഹെൽത്ത് സർവ്വീസിൽ അസിസ്റ്റൻറ് സർജൻമാരുടെ എത്ര തസ്തികകൾ ഉണ്ട്;

(ബി) ഇപ്പോൾ എത്ര തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു;

(സി) എത്ര തസ്തികകളിൽ എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് മുഖാന്തിരം നിയമനം നടത്തിയിട്ടുണ്ട്;

(ഡി) പി. എസ്. സി. മുഖാന്തിരം ഈ തസ്തികകളിൽ നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): (എ) 2801 തസ്തികകൾ ഉണ്ട്.

(ബി) 148 തസ്തികകൾ.

(സി, ഡി) അസിസ്റ്റൻറ് സർജൻമാരുടെ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ ഉൾപ്പെടെ എല്ലാ തസ്തികകളിലും പി. എസ്. സി. യിൽ നിന്നും നിർദ്ദേശിച്ച ഡോക്ടർമാരെ 6-7-85 ലെ ഉത്തരവു പ്രകാരം നിയമിച്ചിരുന്നു. അവരിൽ ചിലർ ഉപരിപഠനം മൂലവും മറ്റ് കാരണങ്ങളാലും ജോലിക്ക് ഹാജരാകുന്നതിന് സമയം ദീർഘിപ്പിച്ചു കിട്ടുന്നതിനുവേണ്ടി അപേക്ഷിച്ചിരിക്കുകയാണ്. വീണ്ടും നൂറുപേരുടെ ലിസ്റ്റുകൂടി പി. എസ്. സി. യിൽ നിന്നും വരുത്തിയിട്ടുണ്ട്. അവരെ ഉടൻതന്നെ ഒഴിവുള്ള തസ്തികകളിലേക്ക് നിയമിക്കുന്നതാണ്.

വനവൽക്കരണ പരിപാടികൾ

*23 [27] ശ്രീ. കെ. പി. രാമൻ: താഴെ കാണുന്ന ചോദ്യത്തിന് വനംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വനവൽക്കരണത്തിൻെറ ഭാഗമായി ഈ വർഷം എന്തെല്ലാം പരിപാടികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്?

വനംവകുപ്പുമന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ): നഴ്സറികളിൽ വൃക്ഷത്തൈകൾ നട്ടു വളർത്തുക, പൊതുജനങ്ങൾക്ക് തൈകൾ വിതരണം ചെയ്യുക, റോഡരികിലും ജലാശയതീരങ്ങളിലും മരങ്ങൾ നട്ടുപിടിപ്പിക്കുക, വിറകുമരത്തോട്ടങ്ങൾ വച്ചുപിടിപ്പിക്കുക, ഔഷധത്തോട്ടങ്ങൾ നിർമ്മിക്കുക,

LIBRARY ARCHIVES Kerala Legislative Assembly

കടൽത്തീരങ്ങളിലും റെയിൽവേ ഭൂമികളിലും മരങ്ങൾ നട്ടുവളർത്തുക, സോഷ്യൽ ഫോറസ്ട്രി പാർക്കുകൾ നിർമ്മിക്കുക, ഡെമോൺസ്ട്രേഷൻ പ്ലോട്ടുകൾ സജ്ജമാക്കുക, ആഫീസ് കെട്ടിടങ്ങൾ, സ്റ്റാഫ് കാർട്ടേഴ്സ് എന്നിവ നിർമ്മിക്കുക തുടങ്ങിയവയാണ് വനവൽക്കരണത്തിന്റെ ഭാഗമായി ഈ വർഷം നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പരിപാടികൾ.

സഹകരണ സംഘങ്ങളിലെ ഭരണസമിതികളിലേയ്ക്കുള്ള നോമിനേഷൻ

*24 [28] ശ്രീ. വി. ജെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണസംഘങ്ങളിലെ ഭരണസമിതികളിലേക്ക് ഒരു ഹരിജനേയും ഒരു സ്ത്രീയേയും തിരഞ്ഞെടുക്കണമെന്ന നിബന്ധന നിലവിലുള്ള ഭരണസമിതികളിലേക്ക് ബാധകമാക്കുമ്പോൾ രണ്ടോളുകൾക്ക് മാത്രമായി ഒരു തിരഞ്ഞെടുപ്പ് നടത്തേണ്ടിവരുമോ;

(ബി) എങ്കിൽ അതു പ്രായോഗികമാണോ;

(സി) അല്ലെങ്കിൽ നിലവിലുള്ള ഭരണസമിതിയിലേക്ക് ഒരു ഹരിജനേയും ഒരു വനിതയേയും നോമിനേറ്റു ചെയ്യുന്നതിനുള്ള അധികാരം ഭരണസമിതിക്ക് നൽകാൻ നടപടി സ്വീകരിക്കുമോ?

സഹകരണവകുപ്പു മന്ത്രി (ശ്രീമതി എം. കമലം): (എ, ബി, സി) 1985 ജൂലൈ 20 നമ്പർ ഓർഡിനൻസ് പ്രകാരം 28 എ എന്നൊരു വകുപ്പ് സഹകരണ നിയമത്തിൽ ചേർത്തിട്ടുണ്ട്. ഈ ഓർഡിനൻസ് പ്രാബല്യത്തിൽ വന്ന സ്ഥിതിക്ക് നിലവിലുള്ള ഭരണസമിതികളിലേയ്ക്കും പുതുതായി സംവരണം ചെയ്യപ്പെട്ട രണ്ടു സീറ്റുകൾക്കുമായി സാധാരണ ഗതിയിൽ തിരഞ്ഞെടുപ്പ് നടത്തേണ്ടതാണ്.

എന്നാൽ അങ്ങനെ നടത്തുമ്പോൾ പ്രായോഗിക ബുദ്ധിമുട്ടുകൾ സംഘത്തിന് വന്നു ചേരുന്നതും ശരിയാണ്. പ്രധാനമായും സാമ്പത്തിക ഭാരം സംഘങ്ങൾക്കുണ്ടാകും. എന്നാലും ഓർഡിനൻസ് പ്രാബല്യത്തിൽ വന്നതിനുശേഷം ഭരണസമിതികളിലേക്ക് തിരഞ്ഞെടുപ്പ് നടത്തപ്പെട്ട സൊസൈറ്റികളിൽ ഈ രണ്ടു സീറ്റുകളിൽ ഇലക്ഷൻ നടത്തിയിട്ടില്ലെങ്കിൽ അത് നടത്തേണ്ടിവരും.

നേരത്തെ നിലവിലുള്ള ഭരണസമിതികളിലേക്ക് ചുരുങ്ങിയ കാലത്തിനുവേണ്ടി സംവരണ സീറ്റുകളിലേക്ക് പുതിയ ഇലക്ഷൻ നടത്തണമോ അല്ല കോ-ഓപ്റ്റ് ചെയ്യാനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കാൻ എന്തു നടപടികൾ വേണം എന്ന് ഗവൺമെന്റ് പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly